110028.38 ലക്ഷം രൂപ തൊഴിലുറപ്പ് തൊഴിലാളികൾക്ക് അവിദഗ്ധ കൂലിയിനത്തിൽ നൽകിയിട്ടുണ്ട്.

(സി) തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പ് വർഷം നാളിതുവരെ 19785.15 ലക്ഷം രൂപയാണ് കുടിശ്ശികയിനത്തിൽ നൽകാനുള്ളത്. ഇത് മുഖ്യമായും നവംബർ മാസം മുതൽ കുടിശ്ശികയായ തുകയാണ്.

(ഡി) തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ പണിയിലേർപ്പെടവേ മരണപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള അവകാശികൾക്ക് നിയമം അനുശാസിക്കുന്ന വിധത്തിൽ എക്സ്ഗ്രേഷ്യ (25,000 രൂപ) അടിയന്തരമായി അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) തൊഴിലുറപ്പ് പദ്ധതിയിൽ മുൻവർഷം ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുത്ത എല്ലാ കുടുംബങ്ങൾക്കും രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കവേ പരിക്ക് പറ്റിയാൽ ആവശ്യമായി വരുന്ന മുഴുവൻ ആശുപത്രി ചെലവും വഹിക്കുന്നതിനും അതോടൊപ്പം ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ദിവസങ്ങളിൽ മസ്റ്റർറോൾ പ്രകാരം ലഭിക്കുമായിരുന്ന വേതനത്തിന്റെ 50 ശതമാനം നഷ്ടപരിഹാരമായി നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചികിത്സ ലഭ്യമാക്കിയവരുടെ എണ്ണം, തുക എന്നിവ സംബന്ധിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

കുടിവെള്ള ക്ഷാമം

29 (3231) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ഹാഡ പദ്ധതിയിലൂടെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വീകരിക്കാവുന്നതാണ്.

(ബി) അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശത്തുനിന്നും സ്ഥലം ജനപ്രതിനിധികളുടെ അപേക്ഷ പരിശോധിച്ച് ചെറുകിട കുടിവെള്ള പദ്ധതികളും കുളം നിർമ്മാണ, നവീകരണ പ്രവർത്തികളും ചെക്ക് ഡാം പ്രവൃത്തികളും മലയോര വികസന ഏജൻസിയുടെ പ്രവർത്തന പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ അനുവദിക്കുകയും അത് ജനോപകാരപ്രദമാണെന്ന് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

30 (3232) ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി അനുസരിച്ച് ഭൗതിക നേട്ടങ്ങൾ കൈവരിക്കാൻ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി-സി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു. *

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

31 (3233) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly